**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **09-08-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. യെ വിപുലപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. യെ കൂടുതൽ മികവുള്ളതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | സമ്പൂർണ്ണ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ നടപടികൾ നടന്നു വരുന്നു. അതിലൂടെ കടലാസ് രഹിത ഹരിത പ്രോട്ടോകോൾ പാലിക്കുവാൻ കഴിയു ന്നതാണ്. മൊബൈൽ ആപ്, ഡിജിറ്റൽ കസ്റ്റമർ മാനേജ്മെന്റ് സംവിധാനം, വിവിധ തരത്തിലുള്ള സമ്മാനപദ്ധതികൾ ഉൾപ്പെടുത്തികൊണ്ടുള്ള ചിട്ടി ക്യാംപയിനുകൾ, പ്രവാസികൾക്ക് സുരക്ഷിതമായി സമ്പാദ്യം ഉറപ്പു വരുത്തുന്ന ഓൺലൈൻ ചിട്ടികൾക്കായി പ്രത്യേക പ്രവാസി ഡിജിറ്റൽ ബിസിനസ്സ് സെന്റർ തുടങ്ങി, വിഷൻ-2025 എന്ന പദ്ധതി ആവിഷ്കരിച്ചുകൊണ്ട് 2025 ഓടുകൂടി 1000 ശാഖകൾ, 1 ലക്ഷം കോടി ടേൺഓവർ, 1 കോടി ഇടപാടുകാർ എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. യെ മികവുറ്റതാക്കി തീർക്കും. |
| (ബി) | കെ.എസ്.എഫ്.ഇ. ഇല്ലാത്ത പഞ്ചായത്തുകളിലും പട്ടണങ്ങളിലും പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2025 ഓടുകൂടി എല്ലാ പഞ്ചായത്തിലും കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കും. നിലവിൽ നഗര - ഗ്രാമ പ്രദേശങ്ങളിലായി 677 ശാഖകൾ ഉണ്ട്. സാധ്യമായ ഇടങ്ങൾ പരിശോധിച്ച് പുതിയ ശാഖകൾ ആരംഭിക്കുന്നുണ്ട്. |
| (സി) | കൂടുതൽ മൾട്ടി ഡിവിഷൻ ചിട്ടികളും ലോണുകളും ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | നിലവിൽ ചിട്ടി ബിസിനസ്സിന്റെ 35 - 40% ചിട്ടികൾ മൾട്ടി ഡിവിഷൻ ചിട്ടികളാണ്.<br><br>നിലവിലുള്ള വായ്പകൾ കൂടാതെ 375 കോടി രൂപയുടെ പ്രവാസി ഭദ്രത മൈക്രോ സ്കീം (PBMS) വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഗോൾഡ് ഓവർഡ്രാഫ്റ്റ്, ഫ്ലാറ്റ് വാങ്ങുന്നതിനുള്ള പ്രത്യേക വായ്പാ പദ്ധതി തുടങ്ങി വിവിധങ്ങളായ വായ്പാ പദ്ധതികളും ആരംഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ